## പതിനാലാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2586** **12.03.2020 ൽ മറുപടിയ്ക്ക്**

## എം.ഡി.എം.എ ഇനത്തിൽപ്പെട്ട മയക്കമരുന്നിന്റെ ഉപയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കഞ്ചാവിനേക്കാൾ ഒളിപ്പിച്ച് കടത്താൻ സൗകര്യമുള്ളതും ആവശ്യക്കാർ കൂടുതലുള്ളതുമായ എം.ഡി.എം.എ. ഇനത്തിൽപ്പെട്ട മയക്കമരുന്ന് കർണ്ണാടകയിൽ നിന്ന് കേരളത്തിലേയ്ക്ക് പ്രവഹിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കഞ്ചാവിനെക്കാൾ ഒളിപ്പിച്ചു കടത്താൻ സൗകര്യമുള്ള ഇനത്തിൽപ്പെട്ട ലഹരി വസ്തുവാണ് എം.ഡി.എം.എ. ഇനത്തിൽപ്പെട്ട മയക്കമരുന്നുകൾ. കർണ്ണാടകയിൽനിന്നും മറ്റ് ഇതര സംസ്ഥാനങ്ങളിൽ നിന്നും ലഹരി വസ്തുക്കൾ കേരളത്തിലേക്ക് കൊണ്ടുവരുന്നതായി മനസ്സിലാക്കിയതിനെത്തുടർന്ന് അതിർത്തി ചെക്ക്പോസ്റ്റുകളിലെ പരിശോധന കർശനമാക്കിയിട്ടുള്ളതും ട്രെയിനുകളും, ബസുകളും മറ്റ് വാഹനങ്ങളും നിരന്തരം പരിശോധനകൾ നടത്തിവരുന്നുണ്ട്. ഇത്തരം പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള എം.ഡി.എം.എ. കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. |
| (ബി) | ബംഗലൂരുവിലെ വിവിധ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ് ഇതിന്റെ ഇരകളും കടത്തുകാരും എന്ന കാര്യം പരിശോധിക്കുകയുണ്ടായോ; | (ബി) | ബംഗലൂരുവിലെ വിവിധ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ് ഇതിന്റെ ഇരകളും കടത്തുകാരും എന്നു പറയുവാൻ സാധിക്കുകയില്ല. എന്നാൽ ഇത്തരം മയക്കമരുന്നു കടത്തുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ വിശദമായി പരിശോധിച്ചുവരുന്നു. |
| (സി) | തുടക്കത്തിൽ സൗജന്യമായും പിന്നീട് ഭീഷണിപ്പെടുത്തിയുമാണോ മയക്കമരുന്നു ലോബി | (സി) | ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | വിദ്യാർത്ഥികളെ ഡീലർമാരാക്കുന്നത് എന്ന് അന്വേഷിക്കുമോ; | | |
| (ഡി) | വഴിക്കടവ് പോലുള്ള അതിർത്തി ചെക്ക് പോസ്റ്റുകളിലെ പരിശോധന സംവിധാനത്തിന്റെ പരിമിതി മയക്കുമരുന്ന് വ്യാപനത്തിന് ശക്തി പകരുന്നുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | മലപ്പുറം ഡിവിഷനിലെ വഴിക്കടവ് എക്സൈസ് ചെക്ക് പോസ്റ്റിൽ നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് പഴുതടച്ചുള്ള പരിശോധനയാണ് നടത്തിവരുന്നത്. 2020 ഫെബ്രുവരി മാസത്തിൽ വഴിക്കടവ് ചെക്ക് പോസ്റ്റിൽ കർശനമായ പരിശോധനയുടെ ഫലമായി മൂന്ന് എൻ.ഡി.പി.എസ്. കേസുകൾ കണ്ടെടുക്കുകയും മേൽ കേസുകളിൽ 4 പ്രതികളെ അറസ്റ്റ് ചെയ്യുകയും 72 ഗ്രാം കഞ്ചാവും, 490 എം.ജി. എൽ.എസ്.ഡിയും, 4.12 ഗ്രാം എം.ഡി.എം.എ ക്രിസ്റ്റലും, 21.220 ഗ്രാം എം.ഡി.എം.എ (പിൽസ്), 810 എം.ജി. എം.ഡി.എം.എ.യും 2 വാഹനവും കണ്ടെടുത്തിട്ടുണ്ട്. |
| (ഇ) | പിടിക്കപ്പെടുന്ന മയക്കുമരുന്നിന്റെ തൂക്കം അളക്കാൻ തൊട്ടടുത്ത ജ്വല്ലറിയെ ആശ്രയിക്കേണ്ട ഗതിയാണോ പ്രസ്തുത ചെക്ക്പോസ്റ്റിലുള്ളത്; വിശദാംശങ്ങൾ നൽകുമോ? | (ഇ) | നിലവിൽ വഴിക്കടവ് ചെക്ക് പോസ്റ്റിൽ കണ്ടെടുക്കുന്ന മയക്കുമരുന്നിന്റെ തൂക്കം അളക്കാൻ ഇലക്ട്രോണിക്സ് ത്രാസോ മറ്റ് സംവിധാനങ്ങളോ ഇല്ല. ടി ചെക്ക് പോസ്റ്റിൽ കേസുകൾ കണ്ടെടുക്കുന്ന സമയത്ത് മയക്കുമരുന്നിന്റെ തൂക്കം അളക്കാൻ മറ്റ് എക്സൈസ് ഓഫീസുകളിലെ ഉപകരണങ്ങളെയാണ് ആശ്രയിച്ചുവരുന്നത്. |

(signature)

സെക്ഷൻ ഓഫീസർ